"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - RGSA പദ്ധതികളിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള വെർച്വൽ ക്ലാസ്സ് റൂമുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിച്ച വകയിൽ കരാർ കമ്പനിക്ക് ബാക്കി തുകയായ 73,41,923/- രൂപ നൽകുന്നതിനുള്ള അനുമതി നല്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1874/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/10/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 17/2/2020ലെ PAN/26946/2018-J4(DP) നമ്പർ കത്ത്

2 സ.ഉ(സാധ)നം.1490/2020/തസ്വഭവ നം സർക്കാർ ഉത്തരവ്

3 24/7/2020 ലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് മിനിറ്റ്സ്.

**ഉത്തരവ്**

RGSA പദ്ധതികളിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള വെർച്വൽ ക്ലാസ്സ് റൂമുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിച്ച വകയിൽ കരാർ കമ്പനിയായ M/s Progility Technologies Pvt-Ltd നൽകേണ്ട ബാക്കി തുകയായ 73,41,923/- രൂപ RGSA പദ്ധതിയുടെ IEC ഘടകത്തിൽ ലഭ്യമായിട്ടുള്ള ഫണ്ടിൽനിന്നും നല്കുന്നതിന് അനുവാദം നല്കണമെന്ന് പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

മേൽ വിഷയം RGSA യുടെ /State Level Executive Committee യുടെ 24/7/2020-നു നടന്ന യോഗത്തിൽ ഉൾപ്പെടുത്തുകയും ഇതിൽ വ്യക്തത വരുത്തുന്നതിനായി M/s Progility Technologies Pvt-Ltd അംഗങ്ങളെയും State IT Mission ടെക്നിക്കൽ എക്സ്പേർട്സിനേയും ഉൾപ്പെടുത്തി മീറ്റിംഗ് നടത്താനും ധനപരമായ കാര്യങ്ങൾ കൂടി പരിശോധിച്ച് തീരുമാനം എടുക്കാനും ധാരണ ആയിരുന്നു. 19/8/2020-ന് നടത്തിയ പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തരത്തിൽ വ്യക്തത ലഭിച്ചതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരുന്നു.

- Comprehensive AMC യുമായി OEM (Polycom) അംഗീകാരമുള്ള ഒരു ഏജൻസിയെ കരാർ കാലാവധി അവസാനിക്കുന്ന 22/02/2022-ന് ശേഷം ഓപ്പൺ

ടെൻഡറിലൂടെ തെരഞ്ഞെടുക്കാൻ കഴിയും.

- സാങ്കേതികവിദ്യ കാലഹരണപ്പെട്ടാലും AMC, Comprehensive ആയതിനാൽ Support നല്കേണ്ടത് ബിഡറുടെ ഉത്തരവാദിത്തമായിരിക്കും.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷത്തെ RGSA പദ്ധതിയുടെ IEC ഘടകത്തിൽ ലഭ്യമായിട്ടുള്ള ഫണ്ടിൽനിന്നും 73,41,923/- രൂപ(എഴുപത്തിമൂന്ന് ലക്ഷത്തി നാല്പത്തിഒന്നായിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്ന് രൂപ മാത്രം) M/s Progility Technologies Pvt-Ltd-ന് നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),തിരുവനന്തപുരം

ധനകാര്യവകുപ്പ് (SFC-A3/80/2020/Fin പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്&ന്യൂ മീഡിയ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സ്റ്റോക്ക് ഫയൽ/ഓഫീസ് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ